എ.വൈ.ആർ

സൂറ-10

# യൂനുസ്

قَالَ مُوسَىٰٓ أَتَقُولُونَ لِلْحَقِّ لَمَّا جَآءَكُمْۖ أَسِحْرٌ هَٰذَا وَلَا يُفْلِحُ
ٱلسَّٰحِرُونَ ﴿٧٧﴾

77 മൂസാ അവരോടു ചോദിച്ചു: കൺമുമ്പിൽ തെളിഞ്ഞുവന്ന സത്യത്തെക്കുറിച്ചാണോ നിങ്ങളിങ്ങനെ പറയുന്നത്? ഇത് ആഭിചാരമാണെന്നോ?! എന്നാൽ ആഭിചാരകന്മാർ ഈ വിധം വിജയിക്കാറില്ല തന്നെ!

قَالُوٓا۟ أَجِئْتَنَا لِتَلْفِتَنَا عَمَّا وَجَدْنَا عَلَيْهِ ءَابَآءَنَا وَتَكُونَ لَكُمَا
ٱلْكِبْرِيَآءُ فِى ٱلْأَرْضِ وَمَا نَحْنُ لَكُمَا بِمُؤْمِنِينَ ﴿٧٨﴾

78 മറുപടിയായി അവർ പറഞ്ഞു: പൂർവ പിതാക്കൾ ആചരിച്ചുവന്നതായി കണ്ടിട്ടുള്ള മാർഗത്തിൽ നിന്ന് ഞങ്ങളെ വ്യതിചലിപ്പിക്കാനും ഈ രാജ്യത്ത് നിങ്ങളുടെ അധികാരം സ്ഥാപിക്കാനുമാണോ നീ വന്നിട്ടുള്ളത്?! എന്നാൽ ഞങ്ങളൊരിക്കലും നിങ്ങളെ അംഗീകരിക്കാൻ പോകുന്നില്ല.

وَقَالَ فِرْعَوْنُ ٱئْتُونِى بِكُلِّ سَٰحِرٍ عَلِيمٍ ﴿٧٩﴾

79 ഫറവോൻ ഉത്തരവിട്ടു: വിദഗ്ധരായ ആഭിചാരകന്മാരെയൊക്കെയും ഹാജരാക്കുവിൻ!

فَلَمَّا جَآءَ ٱلسَّحَرَةُ قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٨٠﴾

80 ആഭിചാരകന്മാർ വന്നപ്പോൾ മൂസാ അവരോടു പറഞ്ഞു: നിങ്ങൾക്കു അവതരിപ്പിക്കാനുള്ളത് അവതരിപ്പിച്ചുകൊള്ളുക!

فَلَمَّآ أَلۡقَوۡاْ قَالَ مُوسَىٰ مَا جِئۡتُم بِهِ ٱلسِّحۡرُۖ إِنَّ ٱللَّهَ سَيُبۡطِلُهُۥٓۖ إِنَّ
ٱللَّهَ لَا يُصۡلِحُ عَمَلَ ٱلۡمُفۡسِدِينَ ﴿٨١﴾

81 അവർ സ്വന്തം വിദ്യകൾ അവതരിപ്പിച്ചപ്പോൾ മൂസാ പറഞ്ഞു: നിങ്ങൾ അവതരിപ്പിച്ചത് മാന്ത്രികവിദ്യകളാകുന്നു. അല്ലാഹു അതിനെയിതാ, പൊളിച്ചു കളയുന്നു. തീർച്ചയായും അല്ലാഹു നാശകാരികളുടെ പ്രവർത്തനം വിജയിപ്പിക്കുകയില്ല.

وَيُحِقُّ ٱللَّهُ ٱلۡحَقَّ بِكَلِمَٰتِهِۦ وَلَوۡ كَرِهَ ٱلۡمُجۡرِمُونَ ﴿٨٢﴾

82 അല്ലാഹു അവന്റെ വചനങ്ങൾകൊണ്ട് സത്യത്തെ സാക്ഷാത്കരിക്കുന്നു; കൊടുംപാതകികൾക്ക് അതെത്ര അരോചകമായിരുന്നാലും.

قَالَ مُوسَىٰٓ= മൂസാ പറഞ്ഞു (അവരോടു ചോദിച്ചു)

أَتَقُولُونَ= നിങ്ങൾ പറയുന്നുവോ(ഇപ്പറയുന്നത്)

لَمَّا جَآءَكُمۡۖ= അതു നിങ്ങൾക്കു(നിങ്ങളുടെ കൺമുമ്പിൽ തെളിഞ്ഞു)വന്നപ്പോൾ

لِلۡحَقِّ= സത്യത്തെക്കുറിച്ച്(ആണോ)

أَسِحۡرٌ= ആഭിചാരമാണെന്നോ هَٰذَا= ഇത്

وَلَا يُفۡلِحُ= ജയിക്കുകയില്ല(ഇവ്വിധം വിജയിക്കാറില്ല തന്നെ)

ٱلسَّٰحِرُونَ= ആഭിചാരകന്മാർ قَالُوٓاْ= (മറുപടിയായി) അവർ പറഞ്ഞു

أَجِئۡتَنَا= നീ ഞങ്ങളിൽ വന്നിരിക്കുകയാണോ (വന്നിട്ടുള്ളത്)

لِتَلۡفِتَنَا= നീ ഞങ്ങളെ വ്യതിചലിപ്പക്കാൻ (നും)

عَمَّا وَجَدۡنَا عَلَيۡهِ ءَابَآءَنَا= ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ കണ്ടിട്ടുള്ളതിൽനിന്ന്

(പൂർവപിതാക്കൾ ആചരിച്ചു വന്നതായി കണ്ടിട്ടുള്ള മാർഗത്തിൽനിന്ന്)

وَتَكُونَ لَكُمَا ٱلۡكِبۡرِيَآءُ= മഹത്വം, (ഔന്നത്യം) നിങ്ങൾക്കിരുവർക്കും ആകാനും

(നിങ്ങളുടെ അധികാരം സ്ഥാപിക്കാനും ആണോ)

وَمَا نَحۡنُ= (എന്നാൽ ഒരിക്കലും) ഞങ്ങൾ അല്ല لَكُمَا= നിങ്ങൾക്കിരുവർക്കും(നിങ്ങളെ)

فِي ٱلۡأَرۡضِ= ഭൂമിയിൽ, ഈ രാജ്യത്ത്

بِمُؤۡمِنِينَ= വിശ്വസിക്കുന്നവർ(അംഗീകരിക്കാൻ പോകുന്നില്ല)

وَقَالَ فِرۡعَوۡنُ= ഫറവോൻ പറഞ്ഞു(ഉത്തരവിട്ടു)

ٱئۡتُونِي= എനിക്കു കൊണ്ടുവരിൻ (എന്റെ മുമ്പിൽ ഹാജരാക്കുവിൻ)

بِكُلِّ سَٰحِرٍ= എല്ലാ ഓരോ ആഭിചാരകനെയും

ഏറ്റം അറിവുള്ള (വിദഗ്ധനായ) =عَلِيمٍ

ആഭിചാരകന്മാർ വന്ന(എത്തിയ)പ്പോൾ =فَلَمَّا جَآءَ ٱلسَّحَرَةُ

മൂസാ അവരോടു പറഞ്ഞു =قَالَ لَهُم مُّوسَىٰٓ

നിങ്ങൾ എറിഞ്ഞുകൊള്ളുക(അവതരിപ്പിച്ചുകൊള്ളുക) =أَلْقُوا۟

നിങ്ങൾ എന്ത് എറിയുന്നവരാണോ അത് (നിങ്ങൾക്ക് അവതരിപ്പിക്കാനുള്ളത്) =مَآ أَنتُم مُّلْقُونَ

മൂസാ പറഞ്ഞു =قَالَ مُوسَىٰ അവർ എറിഞ്ഞ(അവതരിപ്പിച്ച)പ്പോൾ =فَلَمَّآ أَلْقَوْا۟

നിങ്ങൾ എന്ത് കൊണ്ടുവന്നുവോ അത് (നിങ്ങൾ അവതരിപ്പിച്ചത്) =مَا جِئْتُم بِهِ

ആഭിചാരം, മാന്ത്രികവിദ്യ (ആകുന്നു) =ٱلسِّحْرُ

അല്ലാഹു ഇതാ അതിനെ പൊളിച്ചു കളയുന്നു =إِنَّ ٱللَّهَ سَيُبْطِلُهُۥٓ

അല്ലാഹു സംസ്കരിക്കുകയില്ല, നന്നാക്കുകയില്ല, വിജയിപ്പിക്കുകയില്ല =إِنَّ ٱللَّهَ لَا يُصْلِحُ

നാശകാരികളുടെ പ്രവർത്തനത്തെ =عَمَلَ ٱلْمُفْسِدِينَ

അല്ലാഹു സത്യമായി കാണിക്കുന്നു(സാക്ഷാത്കരിക്കുന്നു) =وَيُحِقُّ ٱللَّهُ

അവന്റെ വചനങ്ങൾകൊണ്ട് =بِكَلِمَٰتِهِۦ സത്യത്തെ =ٱلْحَقَّ

(അത് എത്ര അരോചകമായിരുന്നാലും) വെറുത്താലും =وَلَوْ كَرِهَ

കൊടും പാതകികൾ, കുറ്റവാളികൾ(ക്ക്) =ٱلْمُجْرِمُونَ

**77:** മൂസാനബിയുടെ ദിവ്യാത്ഭുതങ്ങ-മുഅ്ജിസത്ത്-ളെ ആഭിചാരമെന്ന് മുദ്രകുത്തിയത്, അവരതിനെ അങ്ങനെ വിശ്വസിച്ചതുകൊണ്ടായിരുന്നില്ല; അഥവാ വിശ്വസിച്ചുകൊണ്ടാണെങ്കിൽ തന്നെ ആ വിശ്വാസം അടിസ്ഥാനരഹിതവും അയുക്തികവുമാണെന്ന് വ്യക്തമാക്കുകയാണീ സൂക്തം.

ഞങ്ങൾ അല്ലാഹുവിങ്കൽ നിന്നുള്ള സത്യസന്ദേശത്തിന്റെ വാഹകരാണെന്നറിയിച്ചുകൊണ്ട് അതിനു തെളിവായി അനിഷേധ്യങ്ങളായ ദിവ്യാത്ഭുതങ്ങൾ നിങ്ങളുടെ കൺമുമ്പിൽ അവതരിപ്പിക്കുമ്പോൾ ഞങ്ങളുടെ സന്ദേശങ്ങളെയോ അതു സാക്ഷ്യപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങളെയോ ഒട്ടും പരിശോധിക്കാതെ നിങ്ങൾ ഞങ്ങളുടെ വാദം തള്ളിക്കളയുകയും ഞങ്ങളവതരിപ്പിച്ച ദിവ്യാത്ഭുതങ്ങൾ കേവലം ആഭിചാര ക്രിയകളാണെന്നാരോപിക്കുകയും ചെയ്യുന്നത് ന്യായമോ ബുദ്ധിപൂർവമോ ആണോ? നേരിൽ അനുഭവപ്പെടാത്ത സത്യങ്ങളെ സംശയിക്കുന്നതിലും നിരാകരിക്കുന്നതിലും കുറച്ചൊക്കെ ന്യായമുണ്ടെന്നു പറയാം. പക്ഷേ കൺമുമ്പിൽ കാണുന്ന യാഥാർഥ്യങ്ങളെ നിഷേധിക്കുന്നത് മധ്യാഹ്ന സൂര്യന്റെ താഴെ നിൽക്കുന്ന ഒരാൾ അപ്പോൾ അർധരാത്രിയാണെന്നു പറയുന്നതുപോലെയാണ്. ആഭിചാരവും ദിവ്യാത്ഭുതവും തമ്മിലും അവയുടെ പ്രകടനരീതികൾ തമ്മിലും, രണ്ടിന്റെയും അവതാരകരുടെ സ്വഭാവചര്യകൾ തമ്മിലും എല്ലാം വലുതായ അന്തരങ്ങളുണ്ട്. ആഭിചാരം കൺകെട്ടും കൈയടക്കവുംകൊണ്ട് മനസ്സിനെ ഭ്രമിപ്പിക്കലാണ്. ഒരു യാഥാർഥ്യത്തെയും ഒട്ടും വ്യത്യാസപ്പെടുത്താൻ അതിനു കഴിയില്ല.

ആഭിചാരവിദ്യ എത്ര ഗംഭീരമായിരുന്നാലും അതിനു നൈമിഷികമായ നിലനിൽപേയുള്ളൂ. സത്യത്തിന്റെ സൂര്യനുദിക്കുമ്പോൾ അവ ഇരുട്ടെന്നോണം മാഞ്ഞു

പോകും. ആദർശവിശ്വാസങ്ങൾ സ്ഥാപിക്കാനോ നീതിയും ധർമവും നടപ്പിലാക്കാനോ നാട്ടിൽ വിപ്ലവം സൃഷ്ടിക്കാനോ ഒന്നും ആഭിചാരത്തിനാവില്ല. അതിനൊന്നും ആഭിചാരം ഉപയോഗിക്കാറുമില്ല. ഞാനാകട്ടെ, നിങ്ങളെ സത്യത്തിലേക്കും ധർമത്തിലേക്കും നയിക്കാൻ നിയുക്തനായ ദൈവദൂതനാകുന്നു എന്നു സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തമായിട്ടാണിവിടെ അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നത്. അതിനെ ആഭിചാരം എന്നുവിളിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു? മൂസാനബിയുടെ ന്യായങ്ങൾ അവരും അറിയുന്നതും അംഗീകരിക്കുന്നതുമായതുകൊണ്ടാണ് അദ്ദേഹം അത് ചോദ്യരൂപത്തിൽ അവതരിപ്പിക്കുന്നത്. വാസ്തവത്തിൽ മൂസാനബി അവതരിപ്പിച്ച ദൃഷ്ടാന്തങ്ങളെ നിഷേധിക്കാൻ യുക്തിസഹമായ ന്യായങ്ങളൊന്നും ഇല്ലാത്തതിനാൽ അവരതിനെ ആഭിചാരം എന്നു മുദ്രകുത്തുകയായിരുന്നു. ആഭിചാരത്തിന്റെ ഉള്ളുകള്ളികൾ ആഭിചാരകന്മാർക്കേ അറിയൂ. അതിനാൽ ഒരു സംഗതി ആഭിചാരമാണെന്ന് തീരുമാനിക്കപ്പെട്ടാൽ പിന്നെ സാധാരണക്കാർക്ക് വേറെ വിശദീകരണമൊന്നും നൽകേണ്ടതില്ലായിരുന്നു.

എന്നാൽ ആഭിചാര പ്രതിഭാസങ്ങളൊന്നും നിലനിൽക്കുകയില്ല. യാഥാർഥ്യങ്ങൾക്കുമുമ്പിൽ ആഭിചാരകന്മാർക്ക് പിടിച്ചു നിൽക്കാനുമാകില്ല. وَلَا يُفْلِحُ ٱلسَّـٰحِرُونَ (ആഭിചാരകന്മാർ വിജയിക്കുന്നില്ല) എന്നാണ് മൂലവാക്യം. ആഭിചാരം -سحر- കേവലം മിഥ്യയാണ് എന്നതിന്റെ പ്രമാണവും കൂടിയാണീ വാക്യം. സൂറ *ത്വാഹ*യിൽ വന്നിട്ടുള്ളത് وَلَا يُفْلِحُ ٱلسَّاحِرُ حَيْثُ أَتَىٰ (ആഭിചാരകൻ എവിടെ ചെന്നാലും വിജയിക്കുന്നില്ല) എന്നാണ്. സിഹ്റിന്റെ യാഥാർഥ്യത്തെക്കുറിച്ച് *ഖുർആൻ ബോധനം* സൂറ *അൽബഖറ* 102-ാം സൂക്തത്തിനു താഴെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

ഈ സന്ദർഭത്തിൽ മൂസാനബിയുടെ ഈ പ്രസ്താവനക്ക് ഫറവോനികൾക്കു നേരെയുള്ള ഒരു വെല്ലുവിളിയുടെ മാനം കൂടിയുണ്ട്. അതായത്, ഇത് ആഭിചാരം തന്നെയാണെന്നാണ് നിങ്ങളുടെ വാദമെങ്കിൽ ഈ നാട്ടിൽ ധാരാളം ആഭിചാരകന്മാരുണ്ടല്ലോ, അവരെ വിളിച്ച് എന്റെ ആഭിചാരം പൊളിക്കാൻ പറയുക. ആഭിചാരവും ദിവ്യാത്ഭുതവും തമ്മിലുള്ള വ്യത്യാസം അപ്പോൾ ഞാൻ ബോധ്യപ്പെടുത്തിത്തരാം.

**78:** മൂസാ(അ)യുടെ ചോദ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് കുടിലമായ മറ്റൊരു ചോദ്യമുന്നയിക്കുകയാണ് ഫറവോനികൾ. ഇസ്‌ലാമിക പ്രബോധകർക്കെതിരെ ബഹുജനങ്ങളെ ഇളക്കിവിടാൻ എല്ലാ കാലത്തും തൽപരകക്ഷികൾ സ്വീകരിക്കാറുള്ള തന്ത്രമാണ്, അവർ പൂർവപിതാക്കളുടെ മതം (ദേശീയ പൈതൃകങ്ങൾ) നശിപ്പിക്കാനും സാമൂഹിക വ്യവസ്ഥ അട്ടിമറിച്ച് അധികാരം പിടിച്ചെടുക്കാനും ശ്രമിക്കുന്നവരാണ് എന്ന ആരോപണം. പൈതൃക സംസ്കാരത്തെ ആദരിക്കുന്ന ദേശാഭിമാനികൾ അവർക്കെതിരെ അണിനിരക്കണമെന്നാണതിന്റെ താൽപര്യം. ഖിബ്തി വർഗത്തിന്റെ പൈതൃക മതം നശിപ്പിച്ച് ഇസ്രയേലീ മതം നടപ്പിലാക്കുകയും അവരെ രാജ്യത്തെ മേൽജാതിക്കാരും മേധാവികളുമാക്കി മാറ്റുകയും ഫറവോൻ വംശത്തിൽനിന്ന് അധികാരം പിടിച്ചെടുക്കുകയുമാണ് മൂസായുടെയും ഹാറൂനിന്റെയും ലക്ഷ്യമെന്നും, ആ ലക്ഷ്യം നേടാൻ തങ്ങളൊരിക്കലും അവരെ അനുവദിക്കുകയില്ലെന്നുമാണ് ഫറവോനികൾ പറയുന്നത്. ഈജിപ്തിൽ അന്ന് ഇസ്രായേൽ ജനസംഖ്യ വർധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ ഭൂരിപക്ഷമായേക്കുമോ എന്ന വലിയ ആശങ്കയും ഖിബ്തികൾക്കുണ്ടായിരുന്നു. ഇസ്രയേലീ ജനസംഖ്യ നിയന്ത്രിക്കാനുള്ള നടപടി എന്ന നിലക്കു കൂടിയാണ് ഫറവോൻ ഒന്നിടവിട്ട വർഷങ്ങളിൽ ഇസ്രയേലികൾക്കിടയിൽ ജനിക്കുന്ന ആൺകുട്ടികളെ കൊന്നുകളയാൻ ഉത്തരവിട്ടിരുന്നത്. ഫറ

വോനികൾ മൂസാനബിക്കെതിരെ ഉന്നയിച്ച ആരോപണത്തിന് ബഹുജനങ്ങളിൽ വമ്പിച്ച സ്വീകാര്യത നേടിക്കൊടുക്കുന്നതായിരുന്നു ഈ പശ്ചാത്തലം.

**79–82:** മൂസാനബിയും സഹോദരനും ദേശീയ വിരുദ്ധരും നിലവിലുള്ള രാജനീതിയെ അട്ടിമറിച്ച് അധികാരം പിടിച്ചടക്കാൻ പുറപ്പെട്ടവരുമാണെന്ന് പ്രചരിപ്പിക്കുന്നതിലൊതുങ്ങിയില്ല ഫറവോന്റെ നടപടി. അധികാരാരോഹണം ലക്ഷ്യമാക്കുന്നവർ ചെയ്യുന്ന തരത്തിലുള്ള സൈനികമോ സായുധമോ ആയ പ്രവർത്തനങ്ങളിലൊന്നും മൂസാ(അ) ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ജനങ്ങളെല്ലാവരും ആ പ്രചാരണം പൂർണമായി വിശ്വസിച്ചുകൊള്ളണമെന്നില്ലല്ലോ. അദ്ദേഹം അവതരിപ്പിക്കുന്ന ദിവ്യാത്ഭുതങ്ങളിൽ ആകൃഷ്ടരായി അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും പ്രബോധനത്തിലും വിശ്വസിക്കാൻ തയാറാകുന്ന ധാരാളമാളുകളുണ്ടാകും. ചുരുങ്ങിയ പക്ഷം ഇസ്രയേലികളെങ്കിലും അദ്ദേഹത്തെ അംഗീകരിക്കും. മൂസായുടെ ആദർശങ്ങൾക്കും കർമരീതികൾക്കും വിരുദ്ധമായി നിലകൊള്ളുന്ന തങ്ങൾക്ക് അത് വലിയ ഭീഷണിയാവുകയും ചെയ്യുമെന്ന് ഫറവോൻ കണ്ടു. മൂസാ കാണിക്കുന്ന അത്ഭുതങ്ങൾ വെറും മാന്ത്രികവിദ്യകളാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് അദ്ദേഹത്തെയും പ്രസ്ഥാനത്തെയും തോൽപിക്കാൻ പറ്റിയ തന്ത്രം. ദൈവം നൽകിയ സിദ്ധികളെന്നവകാശപ്പെട്ടുകൊണ്ട് കാണിക്കുന്നതൊക്കെ തട്ടിപ്പുകൾ മാത്രമാണെന്ന് മനസ്സിലാക്കിയാൽ ആ തട്ടിപ്പുകളുടെ വാഗ്‌രൂപമായി അയാളുടെ സന്ദേശങ്ങളെയും ജനങ്ങൾ വിലയിരുത്തിക്കൊള്ളും. ദിവ്യാത്ഭുതങ്ങളെ തോൽപിക്കാനുള്ള മാർഗം മന്ത്രവാദികളുടെ സഹായം തേടുകയാണ്. മൂസാനബി കാണിക്കുന്നത് മാന്ത്രികവിദ്യകളല്ലെന്ന് അറിയാമായിരുന്നിട്ടും പഠിച്ച മന്ത്രവാദികൾക്ക് മൂസാ(അ)യെ തോൽപിക്കാനാകുമെന്ന് ഫറവോൻ വ്യാമോഹിച്ചു. അയാൾ മൂസാ(അ)യുടെ വെല്ലുവിളി സ്വീകരിച്ച് അദ്ദേഹത്തോട് നാട്ടിലെ മന്ത്രവാദികളുമായി മാറ്റുരക്കാൻ ആവശ്യപ്പെട്ടു. വാസ്തവത്തിൽ മൂസാ നബിയും ആഗ്രഹിച്ചതാണത്. ദിവ്യാത്ഭുതവും മന്ത്രവാദവും തമ്മിലുള്ള അന്തരം സമൂഹത്തിനു മുമ്പിൽ തുറന്നുകാണിക്കാൻ ലഭിക്കുന്ന സുവർണാവസരമാണല്ലോ അത്.

ഖുർആൻ *അൽഅഅ്റാഫ്, യൂനുസ്, ത്വാഹാ, അശ്ശുഅറാഅ്* തുടങ്ങി പല സൂറകളിലും വൈവിധ്യമാർന്ന വാക്കുകളിൽ ആഭിചാരകന്മാരും മൂസാനബിയും തമ്മിലുണ്ടായ മത്സരം പരാമർശിക്കുന്നുണ്ട്. അവയെല്ലാം ചേർത്തു വായിക്കുമ്പോൾ സംഭവം ഏതാണ്ടിങ്ങനെയാണ്. ഫറവോൻ ആവശ്യപ്പെട്ട മത്സരം നടത്താൻ മൂസാ(അ) നിസ്സങ്കോചം സമ്മതിച്ചു. മത്സരം അവതരിപ്പിക്കുന്നത് സകല ജനത്തിനും കാണാൻ സൗകര്യപ്പെടുമാറ് ഒരു ഉത്സവനാളിൽ തുറന്ന മൈതാനത്താകണമെന്ന മൂസായുടെ അഭിപ്രായം ഫറവോനും സ്വീകരിച്ചു (20:59). ഈജിപ്തിലെ എല്ലാ നഗരങ്ങളിലേക്കും ദൂതന്മാരെ വിട്ട് മാന്ത്രികവിദ്യയിൽ വൈദഗ്ധ്യമുള്ള എല്ലാവരെയും വിളിച്ചുവരുത്തി നിശ്ചിത സ്ഥലത്തെത്തിച്ചു (7:112). മൂസായുമായി നടക്കാൻ പോകുന്ന മത്സരത്തിന്റെ ഗൗരവം അവരെ ബോധ്യപ്പെടുത്തിയിരുന്നു. മന്ത്രവാദികൾ തോറ്റുപോയാൽ അത് പാരമ്പര്യ മതത്തിന്റെയും ദേശീയതയുടെയും തോൽവിയാകും. നിലവിലുള്ള രാജനീതി അപകടത്തിലാകും. അതിനാൽ ഈ മത്സരത്തിൽ മന്ത്രവാദികളുടെ വിജയത്തെ ആശ്രയിച്ചിരിക്കുന്നു മതത്തിന്റെയും രാജ്യത്തിന്റെയും ഭാവി. മന്ത്രവാദികൾ അത് ശരിക്കും ഉൾക്കൊണ്ടു. പക്ഷേ ഈ മത്സരത്തിൽ മൂസായെ തോൽപിച്ചാൽ തങ്ങൾക്കു വമ്പിച്ച പാരിതോഷികം ലഭിക്കണമെന്ന മോഹമാണ് അവരിൽ മുന്തിനിന്നത്. ആ മോഹം അവർ രാജാവിന്റെ മുമ്പിൽ പ്രകടിപ്പിക്കുകയും രാജാവ് അതവർക്ക് ഉറപ്പുകൊടുക്കുകയും ചെയ്തു. മൂസാ തങ്ങളെപ്പോലൊരു മന്ത്രവാദിയാണെന്നും

തങ്ങളുടെ കൂട്ടായ്മക്ക് ആ ഒറ്റയാനെ നിഷ്പ്രയാസം തോൽപിക്കാൻ കഴിയുമെന്നുമായിരുന്നു അപ്പോഴൊക്കെ അവരുടെ പ്രതീക്ഷ (7: 113–114).

മത്സരം ആരംഭിക്കാൻ കൽപനയായപ്പോൾ മന്ത്രവാദികൾ മൂസായോടു ചോദിച്ചു: 'പ്രകടനം ആദ്യം നിങ്ങൾ തുടങ്ങണോ അതോ ഞങ്ങൾ തുടങ്ങട്ടെയോ?' ആദ്യത്തെ അവതാരകർ തങ്ങളാവണമെന്നായിരുന്നു അവരുടെ ഇംഗിതം. തുടക്കത്തിലേ തങ്ങൾ വമ്പൻ വിദ്യകൾ കാട്ടിയാൽ അതോടെ മൂസാ പതറിപ്പോവുകയും ജനം തങ്ങളിൽ വശീകൃതരാവുകയും ചെയ്യുമെന്നും അവർ കരുതിക്കാണും. മൂസാനബിക്ക് അങ്ങനെയൊരു തന്ത്രത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൈവശമുള്ളത് മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതമാണ്; മാന്ത്രികന്മാരുടെ കൈവശമുള്ളതാകട്ടെ വെറും മായാജാലവും. രണ്ടും തമ്മിൽ യഥാർഥ പുലിയും കടലാസുപുലിയും തമ്മിലുള്ള വ്യത്യാസമുണ്ട്. പിന്നെന്തിന് അദ്ദേഹം ഭയപ്പെടണം? അദ്ദേഹം യാതൊരു മടിയുമില്ലാതെ ആദ്യ അവസരം മാന്ത്രികർക്കു വിട്ടുകൊടുത്തു. അവർ തങ്ങളുടെ മാന്ത്രിക ദണ്ഡുകളും ചരടുകളും നിലത്തെറിഞ്ഞു. അവ പുളയുന്ന പാമ്പുകളായി മാറിയപോലെ കാണികൾക്കു തോന്നി. അതിനിപുണമായ ജാലവിദ്യതന്നെയായിരുന്നു അത്. പ്രഥമ ദർശനത്തിൽ മൂസാനബിക്കുപോലും ഉൾഭയമുണ്ടായി. അപ്പോൾ അല്ലാഹു അദ്ദേഹത്തെ ധൈര്യപ്പെടുത്തി (20:65–68).

അദ്ദേഹം പറഞ്ഞു: ഇതാ ഈ അവതരിപ്പിച്ചതാണ് സിഹ്റ്-ആഭിചാരം. ഇതു കൃത്രിമവും മിഥ്യയുമാണ്. അല്ലാഹുവിന്റെ ഹിതത്താൽ ഞാൻ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതം ഇപ്പോൾ തന്നെ അവയെ പൊളിച്ചുകളയുന്നതു കാണിച്ചുതരാം. സത്യവും മിഥ്യയും തമ്മിലും ദിവ്യാത്ഭുതവും ആഭിചാരവും തമ്മിലും പ്രവാചകന്മാരും മന്ത്രവാദികളും തമ്മിലും ഉള്ള അന്തരം അതിൽനിന്നു മനസ്സിലാക്കാം. ദൈവകൽപനയനുസരിച്ച് അദ്ദേഹം തന്റെ കൈയിലുള്ള വടി നിലത്തിട്ടു. ഉടനെ ആ വടി ഒരു ഭയങ്കര സർപ്പമായി മാറുകയും മാന്ത്രികന്മാർ പ്രദർശിപ്പിച്ച കൃത്രിമ പാമ്പുകളെയെല്ലാം പിടിച്ചു വിഴുങ്ങുകയും ചെയ്തു (20:69). ഇതുകണ്ട് മാന്ത്രികന്മാർ അമ്പരന്നു. കാരണം അവർ കണ്ടത് കൺകെട്ടോ കൈയടക്കമോ മായാജാലമോ അല്ല; യാഥാർഥ്യമായിരുന്നു. അല്ലാഹു സത്യത്തെ സത്യമായി അവതരിപ്പിച്ചതായിരുന്നു. മാന്ത്രികന്മാർ തമ്മിൽ കഴിവിലും സാമർഥ്യത്തിലും ഏറ്റക്കുറച്ചിലുണ്ടാവാം. അവലംബിക്കുന്ന തന്ത്രങ്ങളിലും അവതരണ ശൈലിയിലും അന്തരമുണ്ടാവാം. എങ്കിലും ഒരു മാന്ത്രികന്റെ പ്രകടനം കണ്ടാൽ അതു മാന്ത്രിക പ്രകടനമാണെന്ന് മറ്റു മാന്ത്രികർക്ക് എളുപ്പം മനസ്സിലാകും. അതിനവലംബിച്ച തന്ത്രമെന്താണെന്ന് മനസ്സിലായില്ലെങ്കിലും. അതുപോലെ ഒരു യാഥാർഥ്യത്തെ അവരൊരിക്കലും മാന്ത്രികവിദ്യയായി തെറ്റിദ്ധരിക്കുകയുമില്ല.

തങ്ങളെറിഞ്ഞ വടികളും കയറുകളും കാണികളായ പാമര ജനത്തിനു പാമ്പുകളായി തോന്നിയെങ്കിലും സത്യത്തിൽ അവ സർപ്പഗുണങ്ങളൊന്നുമില്ലാത്ത നിർജീവമായ വടികളും കയറുകളുമായിത്തന്നെ നിലനിൽക്കുന്നുവെന്ന് അവർക്കറിയാം. അവയെ ആ നിലയിൽ തന്നെ കുറെയേറെ സമയം വിട്ടിരുന്നുവെങ്കിൽ കാണികൾക്കും അക്കാര്യം മനസ്സിലാകുമായിരുന്നു. പക്ഷേ മൂസാനബിയുടെ വടി രൂപാന്തരപ്പെട്ട സർപ്പം ജീവനും സർപ്പ ശക്തിയുമുള്ള യഥാർഥ സർപ്പം തന്നെ ആയിരുന്നുവെന്നതാണ് അവരെ അത്ഭുതസ്തബ്ധരാക്കിയത്. തുടർന്ന് ആ മാന്ത്രികന്മാർ സാഷ്ടാംഗ പ്രണാമത്തിൽ വീഴുകയും മൂസായുടെയും ഹാറൂന്റെയും വിധാതാവിൽ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തതായി സൂറ *ത്വാഹ*യിൽ വിശദീകരിക്കുന്നുണ്ട്. അങ്ങനെ

ആ മത്സരം മൂസാനബിയുടെ പ്രവാചകത്വത്തെയും അദ്ദേഹം പ്രബോധനം ചെയ്ത ഇസ്‌ലാമിനെയും വ്യാജമെന്ന് സ്ഥിരപ്പെടുത്തുക എന്ന ഫറവോന്റെ ലക്ഷ്യത്തിനു വിരുദ്ധമായി, മൂസാ നബി അല്ലാഹുവിന്റെ പ്രവാചകനും അദ്ദേഹം പ്രബോധനം ചെയ്യുന്നത് അല്ലാഹുവിന്റെ സത്യമതവുമാണെന്ന് അസന്ദിഗ്ധമായി ഉൽഘോഷിച്ചു കൊണ്ടാണ് സമാപിച്ചത്.

سَـٰحِرٍ عَلِيمٍ എന്ന വാക്കിനെയാണ് 'വിദഗ്ധരായ ആഭിചാരകന്മാർ' എന്നു തർജമ ചെയ്തിരിക്കുന്നത്. സർവജ്ഞൻ, അഗാധവും സൂക്ഷ്മവുമായി അറിയുന്നവൻ എന്നാണ് عَلِيمٍ ന്റെ ഭാഷാർഥം. ആ അർഥത്തിൽ ഈ പദം അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിലൊന്നാണ്. മനുഷ്യരുടെ ഗുണമായി عَلِيمٍ വരുമ്പോൾ, ആ മനുഷ്യർ കൈകാര്യം ചെയ്യുന്ന വിഷയം നന്നായി പഠിച്ചവർ, അതിൽ വൈദഗ്ധ്യവും നൈപുണ്യവും നേടിയവർ എന്നാണർഥം. സംസ്കരണം എന്ന അർഥത്തിലുള്ള إصلاحൽ നിന്നുള്ള വർത്തമാനക്രിയാ പദമാണ് يُصْلِحُ. ഇവിടെ അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് സഫലമാവുക, വിജയകരമാവുക എന്നാണ്. സൂറ *മുഹമ്മദ്* രണ്ടാം സൂക്തത്തിൽ وَأَصْلَحَ بَالَهُمْ എന്നും, അഞ്ചാം സൂക്തത്തിൽ وَيُصْلِحُ بَالَهُمْ എന്നും വന്നിട്ടുള്ളത് ഏതാണ്ടിതേ അർഥത്തിലാണ്.

ഇവിടെ വചനങ്ങൾ –كلمات– എന്നു പറഞ്ഞത് അല്ലാഹുവിന്റെ വിധികൾ എന്ന അർഥത്തിലാവാം; അരുളപ്പാടുകൾ എന്ന അർഥത്തിലുമാവാം. അല്ലാഹു ഏതു കാര്യവും ഉളവാക്കുന്നത് 'ഉണ്ടാവുക' എന്ന വാക്കിലൂടെയാണല്ലോ (إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ). മൂസാ നബിയുടെ വടി പാമ്പായതും ആ പാമ്പ് മന്ത്രവാദികളുടെ ചരടുകളും വടികളും വിഴുങ്ങിയതുമെല്ലാം അല്ലാഹുവിന്റെ ഈ വാക്കു കൊണ്ടാണ്. കുറ്റവാളികളും വിനാശകാരികളുമായ ആളുകൾ എത്രയൊക്കെ അടിച്ചമർത്താൻ ശ്രമിച്ചാലും അല്ലാഹു കൽപിക്കുമ്പോൾ സത്യം യഥാവിധി പുലരുന്നു എന്നാണ് .........وَيُحِقُّ ٱللَّهُ എന്ന വചനത്തിന്റെ താൽപര്യം. അല്ലാഹു ഉദ്ദേശിക്കുമ്പോഴേ പ്രത്യക്ഷപ്പെടുകയുള്ളുവെങ്കിലും സത്യവചനത്തിനാണ് അന്തിമ വിജയം എന്ന ധ്വനിയുമുണ്ടിതിൽ. ■